**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 510** **17-03-2023 - ൽ മറുപടിയ്ക്ക്**

**ഓരോ നിയോജക മണ്ഡലത്തിലും ഒരു വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓരോ നിയോജക മണ്ഡലത്തിലും ഒരു വ്യവസായ പാർക്ക് ആരംഭിക്കാൻ എന്തെല്ലാം നടപടിയാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഓരോ നിയോജക മണ്ഡലത്തിലും ഒരു വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രത്യേക പദ്ധതി നിലവിലില്ല. എന്നാൽ അനുയോജ്യമായ ഭൂമി, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കികൊണ്ടും പദ്ധതിയുടെ പ്രായോഗികതാ പഠനം നടത്തിയും വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ വ്യവസായ വാണിജ്യ ഡയറക്ടർ മുഖേനയും സർക്കാർ ഏജൻസികളായ കിൻഫ്ര, കെ.എസ്.ഐ.ഡി.സി എന്നിവ മുഖേനയും നടത്തിവരുന്നു. കൂടാതെ, സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലം, ഡ്രെയിനേജ്, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ ലഭ്യമാക്കുന്നതിനും വികസിപ്പിക്കുന്നതിനും ലബോറട്ടറി ടെസ്റ്റിങ്, സർട്ടിഫിക്കേഷൻ എന്നീ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ മറ്റു സ്വകാര്യ സംരംഭകരോ അനുയോജ്യമായ ഭൂമി ലഭ്യമാക്കികൊണ്ട് മുന്നോട്ട് വന്നാൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ധനസഹായം സർക്കാർ നൽകുന്നതിനുള്ള പദ്ധതി പ്രയോജനപ്പെടുത്തി സ്വകാര്യ പാർക്കുകൾ ആരംഭിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഇപ്രകാരം തുടങ്ങുന്ന എല്ലാ വ്യവസായ പാർക്കുകളിലും ഐ.റ്റി. അധിഷ്ഠിത സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിർദേശം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | വ്യവസായ വകുപ്പിന്റെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിലും പാർക്കുകളിലും മാനുഫാക്ച്ചറിങ് യൂണിറ്റുകൾക്കാണ് സ്ഥലം അനുവദിക്കുന്നത്. എല്ലാ വ്യവസായ പാർക്കിലും ഐ.ടി അധിഷ്ഠിത സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ഇത്തരമൊരു നിർദ്ദേശം തത്കാലം പരിഗണനയിലില്ല. അനുയോജ്യമായ സ്ഥലം, എയർപോർട്ടിന്റെ സാമിപ്യം, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി ഐ.ടി അധിഷ്ഠിത പാർക്കുകൾ സംസ്ഥാനത്ത് വിജയകരമായി പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ